പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യ നം. 2008

08.03.2018 ൽ മറുപടിയ്ക്ക്

## എച്ച് എൻ എൽ ന്റെ ഓഹരി വിൽപ്പന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. വി. പി. സജീന്ദ്രൻ** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും കായികവും യുവജന കാര്യവും വകുപ്പ്മന്ത്രി)** |
| (എ) | എച്ച് എൻ എൽ ന്റെ ഓഹരി വിൽക്കുന്നതിൽ നിന്നും പിന്മാറണമെന്ന സംസ്ഥാന സർക്കാരിന്റെ അപേക്ഷ കേന്ദ്രം നിരസിച്ചിട്ടുണ്ടോ ; | (എ) & (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ ഓഹരി വിറ്റഴിക്കൽ നടപടികൾക്കെതിരെ അതത് സന്ദർഭങ്ങളിൽ സർക്കാരിന്റെ ആശങ്ക അറിയിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്ഥാപനം പൊതുമേഖലയിൽ നിലനിർത്താനുള്ള അപേക്ഷയും കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. കോട്ടയം ജില്ലയിൽ വെള്ളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച് എൻ എൽ -നെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 2017 മാർച്ച് 13 ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിനെ അറിയിട്ടിച്ചുള്ള താണ്. എന്നാൽ 09.01.2018 ലെ കേന്ദ്ര സർക്കാരിന്റെ കത്തിൽ എച്ച് എൻ എൽ- ന്റെ ഓഹരികൾ വിറ്റഴിക്കൽ നടപടികൾ തുടരുകയാണെന്നും ഇത് ഓപ്പൺ ബിഡ്ഡിങ് വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സംസ്ഥാന സർക്കാരിനെ ബിഡ് പ്രോസസിങ്ങിന് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 08.02.2018 ൽ ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിയ്ക്ക് വിറ്റഴിക്കൽ നടപടികളിൽ നിന്നും പിൻമാറണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി കത്തയയ്ക്കുകയുണ്ടായി. |
| (ബി) | എങ്കിൽ എച്ച് എൻ എൽ -ന്റെ ഓഹരികൾ ഓപ്പൺ ബിഡ് വഴി വിൽക്കുന്ന സാഹചര്യത്തിൽ , ബിഡ് പ്രോസസിംഗിൽ സംസ്ഥാന സർക്കാർ കൂടി പങ്കെടുത്ത് സ്ഥാപനത്തെ സംസ്ഥാന സർക്കാരിന്റെ സ്ഥാപന മാക്കുന്ന കാര്യം ആലോചിക്കുമോ ? | | |

സെക്ഷൻ ഓഫീസർ